# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2175 04/11/2019-ൽ മറുപടിക്ക്

## ആശാ വർക്കർമാരുടെ സേവനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി.എം.ജോൺ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശാ വർക്കർമാരുടെ സേവനം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | എ) | സമൂഹത്തെ, പ്രത്യേകിച്ച് ദുർബല വിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും, അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. ആശപ്രവർത്തകരുടെ ചുമതലകൾ താഴെ പറയുന്നവയാണ്.<br>• സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.<br>• ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക.<br>• ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക.<br>• ഗർഭകാലശുശ്രൂഷയും, ടി-ടി, (IFA) എന്നിവയും ലഭ്യമാക്കുക.<br>• ജനനീസുരക്ഷയോജനയുടെ പ്രയോജനം ലഭ്യമാക്കുക.<br>• കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധചികിത്സ തുടങ്ങിയവയിൽ സഹായിക്കുക.<br>• പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക.<br>• പകർച്ചവ്യാധി നിയന്ത്രണം, കൊതുകുനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക |

<table>
<tr><td></td><td></td><td></td><td>• നവജാതശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.<br><br>• നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്., ക്ഷയരോഗമരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.</td></tr>
<tr><td>ബി)</td><td>ആശാ വർക്കർമാർക്ക് നിലവിൽ എത്ര രൂപയാണ് വേതനമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;</td><td>ബി)</td><td>2016-17-ൽ 1000 രൂപയിൽ നിന്ന് 1500 രൂപയായും, 2017-18-ൽ 2000 രൂപയായും, 2018-19-ൽ 4000 രൂപയായും, 2019-20-ൽ 4500 രൂപയുമായി ഓണറേറിയം ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ 4500 രൂപയാണ് ആശമാർക്ക് പ്രതിമാസ ഓണറേറിയമായി നൽകുന്നത്. ഇത് കൂടാതെ ചാക്രിക (Rotation basis) അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്ക് പ്രതിമാസം 2000 രൂപ നിശ്ചിത ഇൻസെന്റീവും നൽകി വരുന്നു. ഇതിന് പുറമേ ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽ നിന്നും 1500 രൂപ മുതൽ 2000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശമാർക്ക് ലഭിക്കുന്നുണ്ട്. ഈ വിധത്തിൽ 8000 രൂപ മുതൽ 11,000 രൂപ വരെ പ്രതിമാസം ആശമാർക്ക് ലഭിക്കുന്നതാണ്.</td></tr>
<tr><td>സി)</td><td>ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡ്രൈവർ, ഓഫീസ് അസിസ്റ്റന്റ്, പാർട്ട്ടൈം സ്വീപ്പർ എന്നിവർക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ദിവസവേതനം എത്രയെന്ന് വ്യക്തമാക്കാമോ?</td><td>സി)</td><td><table>
<tr><th>ക്രമ നം.</th><th>തസ്തിക</th><th>ദിവസ വേതനം</th><th>പരമാവധി തുക</th></tr>
<tr><td>1.</td><td>ഡ്രൈവർ</td><td>715</td><td>19670</td></tr>
<tr><td>2.</td><td>ഓഫീസ് അസിസ്റ്റന്റ്</td><td>740</td><td>20760</td></tr>
<tr><td>3.</td><td>പാർട് ടൈം സ്വീപ്പർ</td><td>200</td><td>6000</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ